**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സഹകരണ മേഖലയിലെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സഹകരണ സർവ്വകലാശാല ആരംഭിക്കുവാൻ നയപരമായ തീരുമാനം എടുത്തിരുന്നു. സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിനായി സ്പെഷ്യൽ ആഫീസറായി Dr. K.S. ചന്ദ്രശേഖരനെ (പ്രൊഫസ്സർ & ഹെഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കേരള യൂണിവേഴ്സിറ്റി) നിയമിച്ചിരുന്നു. |
| (ബി) | പ്രസ്തുത സഹകരണ യൂണിവേഴ്സിറ്റി പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിക്മ ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിക്മ ക്യാമ്പസിൽ പ്രസ്തുത സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനു കഴിയുമോ എന്നത് സംബന്ധിച്ച് സാധ്യതാപഠനത്തിനു ശേഷം മാത്രമേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ